

little KITEs
മഴവില്ല്

" നനഞ്ഞ മഷിപ്പച്ചയുടെ ഗന്ധം

പേറുന്ന സ്കൂൾ ദിനങ്ങൾ

മായ്ച്ചും, എഴു

തിയും, വീണ്ടും

മായ്ച്ചും

തണുപ്പ് കലർന്ന സ്ലേറ്റിന്റെ കറുത്ത പ്രതലത്തെ

കവിളോട് ചേർത്തും പച്ചപ്പിന്റെ ഇളം ഗന്ധത്തിന്റെ

ഒരു താഴ്വാരം സൃഷ്ടിച്ചെടുത്ത പകലറു


തികൾ..........

മഷിപ്പച്ചയുടെ സ്നിഗ്ധമായ അകംപുറങ്ങളിലേക്ക്

സ്വാഗതം”

------------

# ആമുഖം



ഹെഡ്മിസ്ട്രസ്

ശ്രീമതി മിനി.പി.ബി

കുട്ടികളുടെ വിവര സാങ്കേതിക വിദ്യ

പരിപോഷിപ്പിക്കുന്ന മഷിപ്പച്ച എന്ന

ഈ മാഗസിൻ തയ്യാറാക്കിയ  ഇലെ കൈറ്റ്

അംഗങ്ങൾക്ക് ആദ്യം തന്നെ

ആശാംസകൾ നേരുന്നു. കുട്ടികളുടെ

കഴിവും സർഗവാസനകളും പ്രകടിപ്പിക്കാൻ ഈ

മാഗസിനിലൂടെ സാധിക്കുന്നു.


ഈ മാഗസിൻ പ്രസിദ്ധികരിച്ച കൈറ്റ്

അംഗങ്ങൾക്ക് എന്റെ അഭിവാദ്യങ്ങൾ.

.................................................................


,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,

# ഡിജിറ്റൽ പെയിന്റിങ്





ശ്രീലാൽ പി എ  9B





ഹാഫിസ് & നിഖിൽ

9C

കവിത

# <u>വിദ്യാലയം</u>



***അഭിരാമി അനിൽകുമാർ 10A***

വിദ്യാലയം.............വിദ്യാലയം................എന്റെ വിദ്യാലയം
അക്ഷരപ്പൂമഴ പെയ്യുന്ന വിദ്യാലയം
വിദ്യതൻ ആലയംവിദ്യാലയം



പൂമ്പാറ്റയെപ്പോലെ തേൻ നുകരുന്നു നാം
ആദ്യാക്ഷരം ചൊല്ലി പഠിച്ചിടുന്നു
പൂമ്പാറ്റയെപ്പോലെ ന്നു നാം
ആദ്യാക്ഷര തേൻ നുകർന്നീടുന്നു
അമ്മതൻ അമ്മിഞ്ഞപ്പാൽ പോലെ ശുദ്ധമാം
അക്ഷരങ്ങൾ നാം പഠിച്ചിടുന്നു
ആദ്യമായ് വിദ്യാലയത്തിലെത്തുന്നു നാം
ആശങ്കതൻ കണ്ണുനീർ പൊഴിച്ചീടുന്നു
വിദ്യാലയത്തിൽ പഠിക്കുന്നു നാം
അക്ഷരമരത്തണലിലിരിക്കുന്നു നാം
വൈലോപ്പിള്ളിതൻ മാമ്പഴവും
കുമാരനാശാന്റെ വീണപ്പൂവും
ഓരോന്നായി പഠിക്കുന്നു നാം
പരിശുദ്ധമായൊരു വിദ്യാലയാങ്കണത്തിൽ
പൂമ്പാറ്റയെപ്പോലെ പാറി പ്പറന്ന നാം
അശ്വമേധത്തെപ്പോൽ പാഞ്ഞിടുന്ന
വിദ്യാലയത്തിന്നടിത്തറ പാ കിയ
ഗുരുക്കൻമാരെയും വന്ദിച്ചിടുന്നു നാം
വിദ്യാലയത്തെ പ്രണയിക്കുന്നു നാം
വിദ്യയിൽ സമ്പന്നനായിടുന്നു
.....

# ജലത്തിന്റെ കാഠിന്യം

# (ശാസ്ത്രനാടകം)

[ഒരു പ്രഭാതം]

അമ്മ:മോനേ അപ്പു പോയി കുളിക്കു..

അപ്പു:ശരി അമ്മേ.സോപ്പും തോർ
ത്തും താ.......

അമ്മ:ഇന്നാ......

[അപ്പു കുളിക്കുന്നതിനിടയിൽ]

അപ്പു:അമ്മേ ഈ സോപ്പൊന്നും
പതയുന്നില്ലല്ലോ.... ഇതെന്തൊരു
കഷ്ടമാണ്.പതയാത്ത സോപ്പി
ട്ട് ഞാനെങ്ങും കുളിക്കുന്നില്ല
ഹും................

അമ്മ:ഓ ഈ ചെക്കന്റെ കാര്യം?
കുളിച്ചിട്ട് വേഗം ക്ലാസിൽ
പോടാ?

അപ്പു:നമ്മുക്ക് അപ്പുറത്ത് വീട്ടിലെ
scientist uncle നോട് ചോദി
ക്കാം

അമ്മ:സമയമുണ്ടോ അതിനൊക്കെ?
അപ്പു:അതറിഞ്ഞിട്ട് മതി ക്ലാസ്സ്.
അമ്മ:എന്നാ വാ വേഗം.
[scientist uncle-ന്റെ വീട്ടിൽ]
scientist:എന്താ അപ്പും രമണിചേ
ച്ചിയും ഈ വഴിയോ
ക്കെ എന്റെ പരീക്ഷണം
കാണാൻ വന്നതാണോ.
അമ്മ: ഈ ചെക്കന്റെ ഒരു സംശയം
എന്താ വെള്ളത്തിൽ സോപ്പ്
പതയാത്തത്.
അപ്പു:അത് എന്താ uncle അങ്ങനെ
scientist:നിങ്ങൾ വന്നകാലിൽ നിൽ
ക്കാതെ ഇരിക്കു ഞാൻ
പറഞ്ഞു തരാം
അപ്പു:ഒന്നു വേഗം അങ്കിളെ എനി
ക്ക് ക്ലാസ്സിൽ പോകെണ്ട
യോ
scientist:നിക്ക് അപ്പു നീ ദൃതിപെടല്ലെ
വെള്ളം രണ്ടു വിതം ഉണ്ട്
softwater and hard water
അപ്പു: അത് എന്താ അങ്ങനെ
ഞാൻ വിശദമായ് പറയാം
നീ പറഞ്ഞില്ലേ സോപ്പ്
വെള്ളത്തിൽ പതയുന്നില്ലാ
ന്ന് അങ്ങനെ പതയാത്ത

വെള്ളത്തിനെ പറയുന്ന
പേര് hard water പതയുന്ന
വെള്ളത്തിനെ  പറയുന്നത്
soft water എന്നും
അപ്പു: കാരണം
scientist:magnetium ത്തിന്റെയും
calcium ത്തിന്റെയും
lons magnesium ത്തിന്റെയും
calcium ത്തിന്റെയും
Bicarbonates include
ആയ വെള്ളം തിളപ്പിച്ചാൽ
ആ hardness മാറും അതി
ന്റെ പേര്  temparory hard
ness. Sulphates chloride of
magnesium calcium present
ആയ വെള്ളം permanent
hard water
അത് തിളപ്പിച്ചാലും
പോകില്ല മനസ്സിലായോ
അപ്പു
അപ്പു :      yes അങ്കിൾ
scientist:എന്നാൽ ശരി  അപ്പു
ക്ലാസ്സിൽ പൊക്കോ...............

*രചന:8B*

# *FROM THE DEPTHS OF MY HEART*

- My morning always blooms with roses
- And the sweet smell makes me charmed
- With the countless dreams and hopes
- I stepped along my school corridors
- Days passed,months and years too.....
- Spring, autumn,winter and summer passed
- 

But three cute faces are still in my memory
- That were everything to me in my life
- When i start talking about them, I’m also wordless

- They were my good company
- They were my treasure and happiness

❤ They were my comfort in distress
❤ They were the crowed in my loneliness
❤ They were my open space to share problems

❤ There were like a blanket of love and care
❤ They touched my heart with kindness
❤ They cracked up me with laughter
❤ They lifted  me from my shallowness
❤ They walked and carried me
❤ They made me strong and stubborn
❤ Everyone may now wonder who they are
❤ They are my buddies.
❤ My lovely, sweet, cute friends
❤ 2 live with the everlasting memory of that


❤ True friendship........

**Safa moosa 9 B**

# കാരിക്കേച്ചർ

ലൈജു വി ആർ

എച്ച് എസ് ടി , മലയാളം



## <u>കവിത</u>

# കൂട്ടുകാരൻ

***അതുല്യ എൻ എ***
***9B***

കൂട്ടുകൂടാനായെന്റെ
കുഞ്ഞാറ്റകിളി..........
കാറ്റിനോടു കഥ മെനഞ്ഞും
കാലിനോടു കളി പറഞ്ഞും
കാടായ കാടെല്ലാം,മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചി ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും



കനിവിന്റെ കനിവാ,മെന്റെ
കരളിന്റ കരളായ
കളിക്കൂട്ടുകാരൻ........
..........................................................................................

കവിത

# പൂവ്

ചന്ദന എസ്  9B

*പൂവേ പൂവേ........കോഴിയല്ലേ*
*പൂത്തെന്നല്ല വന്നു*
*വിളിച്ചാൽ  പോവല്ലേ*
*പുലരി പുതു മഴയിൽ*
*ഇതളു പൊഴിയ്ക്കല്ലേ*
*ഒരിതളും*
*നീ........പൊഴിയ്ക്കല്ലേ......*
*(പൂവേ)*




*പുതു മണ്ണിനു ചൂടാനൊരു പൂവിതളും നല്കല്ലേ*
*ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നല്കല്ലേ(പൂവേ)*
*വെള്ളിനിലാവിലലിഞ്ഞി പുഞ്ചിരി മായ്ക്കലേ*
*പൂവണ്ടിൻ പ്രണയം പൊള്ളാണേ..........*
*നിന്നോടുള്ള പൂവണ്ടിൻ പ്രണയം പൊള്ളാണേ*
*അത് , പൂന്തേനുണ്ണാനണയുവനാണേ(പൂവേ)*
*നിന്നെ  കാണാനെന്നും കൊതിയാണേ...........*
*എനിക്കു നിന്നെ കാണാനെന്നും.......കൊതിയാണേ(പൂവേ)*

,,,,,,,,,,,,,,,,,,,,,,,,,,,,,,,

കവിത

# വസന്തം

സഫ മൂസ 9B

നാം തളർന്നു വീണതോ



തകർന്നു പോയതോ
അവരറിയണ്ട.
നാം വസന്തത്തെ
വരവേൽക്കാനായി
പഴയ ഇലകൾ
പൊഴിക്കുകയാണെന്ന്
അവർ ധരിച്ചുകൊള്ളട്ടെ

,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,

# കവിത

## ഗവേഷണശാല



ലൈജു വി ആർ

എച്ച് എസ് ടി , മലയാളം

രാത്രിയിലെ ആകാശം
പാതയോരത്തെ തണുത്ത,
ഇരുണ്ട നിഴലുകൾപോലെ
മേഘശകലം ധൃതിയിൽ കടന്ന്
ചുവന്ന ആകാശം മരണമോ
സ്നേഹസ്പർശമോ?
തോട്ടത്തിൽ ചില പൂക്കൾ
വിരിയാതെ എന്നെക്കരയിച്ച്...
കരിഞ്ഞപൂവും ഒരു പാഴ്ജന്മവും
ഒരു നല്ല വിഷയം
നിങ്ങൾ ചിരിക്കുന്നോ?
ഇതാ എന്റെ കരച്ചിൽപോലും വറ്റിത്തുടങ്ങുന്നു
ക്രിത്രിമച്ചിരി വിരിയിക്കാനുള്ള
ഗവേഷണശാല എവിടെയാവാം?

,,,,,,,,,,

# ആശംസ



ഒരു നൂറ്റാണ്ടിന്റെ പൈതൃകം പേറുന്ന  പടിഞ്ഞാറേ കടുങ്ങല്ലൂർ വിദ്യാലയത്തിന്റെ 2019-2020  വർഷത്തിന്റെ ഒന്നരദശകാലത്തിന്റെ സേവനം കാഴ്ച വെക്കാൻ സർവേശ്വരൻ കനിഞ്ഞനുവദിച്ച എനിക്ക് ഈ വിദ്യാലയത്തിന് എല്ലാ സ്നേഹാശംസകളും നേരുന്നതിൽ അതിയായ സന്തോഷമുണ്ട്.

സാധാരണക്കാരിൽ  സാധാരണക്കാരായ പച്ചയായ മനുഷ്യരുടെ ആശ്രയമായ  ഈ വിദ്യാലയത്തിലെത്തിയ ബാല്യങ്ങളെ താലോലിക്കാൻ ലഭിച്ച അസുലഭവർഷങ്ങളെ ഓർത്തു ഞാൻ സന്തോഷിക്കുന്നു.ഇവിടെ കടന്നുവന്ന പരിചയപ്പെട്ട എല്ലാ നല്ലവരായ നാട്ടുകാരോടും അവരുടെ പ്രിയമക്കളോടും സ്നേഹനിധികളായ എല്ലാ സഹപ്രവർത്തകരോടും എനിക്കുള്ള അളവില്ലാത്ത സ്നേഹം ഞാൻ അറിയിക്കുന്നു.

ഈ പുണ്യഭൂമിയിൽ  ഇനിയും നൻമയുള്ള ധാരാളം അധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കളും കടന്നുവന്ന് പ്രദേശത്തിന്റെ  ഐശ്വര്യവും നൻമയുമായി  എന്നും  ഈ വിദ്യാലയം നാട്ടിൽ ഉത്തരോത്തരം കുതിച്ചുയരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും അതോടൊപ്പം ലിറ്റിൽ കൈറ്റ്സ് മാഗസിൻ "**മഷിപ്പച്ച**"യുടെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുരുന്നുകൾക്കും ഒരായിരം ആശംസകൾ  നേർന്നുകൊണ്ട്

സ്നേഹപൂർവ്വം

അംബ്രോസ് സി എ

*അധ്യാപകൻ*




***"മഷിപ്പച്ച"*** ***എന്ന ലിറ്റിൽ കൈറ്റ്സ് മാഗസിൻ തയ്യാറാക്കാൻ സഹായിച്ച***

***കൂട്ടുകാർക്ക് ഒത്തിരി നന്ദിയോടെ...................***

***എഡിറ്റർ***

***gmail:ghs29wkadungalloor@gmail.com***